# കുടുംബ പ്രതിഷ്ഠ

ഈശോയുടെ തിരുഹൃദയമേ, ഞങ്ങളുടെ കുടുംബത്തെയും ഞങ്ങൾ ഓരോരുത്തരെയും ഞങ്ങൾ അങ്ങേക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ കുടുംബത്തിൽ അങ്ങ് രാജാവായി വാഴേണമെ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവദിക്കുകയും ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും സങ്കടങ്ങളിൽ ആശ്വാസം നൽകുകയും ചെയ്യേണമെ. ഞങ്ങളിൽ ആർക്കെങ്കിലും അങ്ങയെ ഉപദ്രവിക്കാൻ ഇടയായാൽ ഞങ്ങളോടു ക്ഷമിക്കേണമെ. ഈ കുടുംബത്തിലുള്ളവരെയും ഇവിടെ നിന്നു അകന്നിരിക്കുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കേണമെ. മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ നിത്യഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കേണമെ. അങ്ങയെ കണ്ടാനന്ദിക്കാൻ സ്വർഗത്തിലെത്തുന്നതുവരെ ആത്മീയവും ശാരീരികവുമായ എല്ലാ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. മറിയത്തിന്റെ വിമലഹൃദയവും മാർ യൗസേപ്പിതാവും ഞങ്ങളുടെ പ്രതിഷ്ഠയെ അങ്ങേക്കു സമർപ്പിക്കുകയും ജീവിതകാലം മുഴുവനും ഇതിന്റെ സജീവ സ്മരണ നിലനിർത്തുകയും ചെയ്യട്ടെ. ആമ്മേൻ.